# കോഴി

കഥ

## -കാരൂർ സോമൻ-

കോഴിയെ തിന്നുന്ന കാര്യത്തിൽ ഞാൻ മിടുക്കൻ തന്നെയെന്നാണ് ഭാര്യയുടെ പക്ഷം. അവധിക്കു നാട്ടിൽ വരുമ്പോൾ എന്തു വില കൊടുത്താലും നല്ല ചൊമചൊമാന്നുള്ള പൂവൻകോഴിയെ വാങ്ങി എണ്ണയിൽ പൊരിച്ചു കഴിക്കും. അമേരിക്കയിലെ കൊഴുത്തു തടിച്ച തണുത്തു മരവിച്ച വൈറ്റ് ലഗൂൺ കോഴിയെ തിന്നു മടുത്തു. അതിന് ഒരു ഗുണവുമില്ല, മണവുമില്ല.

എന്നാൽ നാടൻ കോഴി അങ്ങനെയല്ല.

കോഴിയെ തിന്നുന്നത് ഒരു കലയല്ല.

പ്രത്യേകിച്ച് നാട്ടിലെ ചുവന്ന പൂവൻ കോഴികളെ. അവർ ഉച്ചത്തിൽ കൂവിക്കളയും. കോഴികളിൽ തന്നെ രണ്ടു വിഭാഗമുണ്ടത്രേ. ഒന്ന് കമ്യൂണിസം പ്രസംഗിച്ചു കളയും, മറ്റൊന്ന് സുവിശേഷവും. എന്തായാലും മുന്നിലെ പ്ലേറ്റിലെത്തിയാൽ പിന്നെ മാർക്സ് എന്നോ എംഗൽസ് എന്നോ വല്ലതുമുണ്ടോ. കോഴിയെ പിടിക്കാനാണു സാറേ പാട് എന്ന് വേലക്കാരൻ പയ്യന്റെ വാദം. എന്നാൽ പക്ഷപാതിയല്ലാത്ത ഡ്രൈവർ നാണപ്പൻ പറയും. അതിനൊക്കെ ഒരു നാ....ക്ക് ഉണ്ട് സാറേ. കോഴികളെ ആദ്യം വശീകരിക്കണം. കണ്ടിട്ടില്ലേ, പാർട്ടി സഖാക്കന്മാർ പുതിയ അംഗങ്ങളെ പാർട്ടിയിൽ ചേർക്കുന്നത്. അങ്ങനെ തന്നെ. പയ്യെ വലമുറുക്കണം. പിന്നെ വാളു കൈയിൽ കൊടുക്കണം. വെട്ടിക്കൊല്ലാൻ പറയണം. തല്ലിക്കൊല്ലലിന്റെ ക്ലാസ്സ കഴിയുമ്പോഴേക്കും ഒന്നാന്തരമൊരു ചാവേർ റെഡി. പിന്നെ പ്ലേറ്റിലെത്താൻ താമസം വേണ്ട.

തൊലിയുരിയുന്നതാ സാറേ അതിലും പാട്.

വീണ്ടും വേലക്കാരൻ പഹയൻ വൈരുദ്ധ്യാത്മക ഭൗതികവാദം ഉയർത്തി.

തൊലിയുരിക്കണ്ട, താനേ ഉരിഞ്ഞോളും.

നാണപ്പൻ സ്വരം താഴ്ത്തിപ്പറഞ്ഞു.

സാറേ കമ്യൂണിസ്റ്റു കോഴികൾ സമയം നോക്കാതെ കിടന്നു കൂവുമെന്നേയുള്ളൂ. പത്തു പൈസയുടെ സ്വാഭാവിക വിവരമില്ല. പ്രായോഗിക പരിജ്ഞാനവുമില്ല. അതിനെ ഓടിച്ചിട്ടു പിടിക്കണ്ട. വെല്ലുവിളിച്ചാൽ മതി. നമ്മുടെ കാൽച്ചുവട്ടിൽനിന്ന് ഗർജ്ജിച്ചോളും. ആ തക്കത്തിന് ദാ, ഇങ്ങനെ പിന്നിലൂടെ വന്ന് കഴുത്തിനു മുകളിലൂടെ കൊങ്ങായ്ക്ക് ഒറ്റ പിടി. ചവിട്ടി വലിച്ച് കൊരവള്ളി പൊട്ടിച്ചാൽ പിന്നെ ഏതു സിദ്ധാന്തവും ദാ, ഇങ്ങനെ വായുവലിച്ച് കിടക്കും.

ചത്തുകഴിഞ്ഞാലും ചിലതുണ്ട്. വർഗസമരത്തിന്റെയും ടിയാൻമെൻ സ്ക്വയറിന്റെ പ്രായോഗികവാദത്തിന്റെയുമൊക്കെ വക്താക്കളുടെ വേഷംകെട്ടി നടക്കുന്നവർ. കീഴടങ്ങിയാൽ പിന്നെ വെയ്റ്റ് ചെയ്താൽ മതി. ജനിച്ചു, ജീവിച്ചു, മരിച്ചു- എന്നിട്ട് എന്തു ചെയ്തു എന്നോർക്കുമ്പോൾ തന്നെ അതിന്റെ തൊലി താനെ ഉരിഞ്ഞിറങ്ങും. കോഴിപ്പിടുത്തത്തിനു ഇങ്ങനെ ചില ട്രിക്കുകളുണ്ട്. കോഴികളുടെ രാഷ്ട്രീയമോ സാംസ്കാരികമോ ആയ പ്രശ്നങ്ങളെക്കുറിച്ച് ഞാൻ അത്ര ബോധവാനായിരുന്നില്ല. കലാപങ്ങളുടെയും കലഹങ്ങളുടെയും സന്ധിയില്ലാ സമരം നയിക്കുന്ന കോഴികളെക്കുറിച്ച് ഒരുപാടു പറയാനുണ്ടെന്ന് നാണപ്പൻ പറഞ്ഞപ്പോൾ ഞാൻ ഓർത്തത്, കോഴികളുടെ നിറവും വർഗ്ഗവിപ്ലവത്തിന്റെ നിറവും ഏതാണ്ട് ഒന്നിക്കേണ്ടിവന്നല്ലോ എന്നായിരുന്നു. ഈ ഉപരിപ്ലവമായ ചിന്ത നാണപ്പനുമായി പങ്കിടവേ അയാൾ പറഞ്ഞു.

എന്റെ സാറേ, ഇതു പ്രവാസിയായതിന്റെ പ്രശ്നമാണ്. ഞങ്ങൾ ലോക്കൽ കമ്യൂണിസ്റ്റുകൾ ഒരിക്കലും മുതലാളിത്ത ബൂർഷ്വകളായ പ്രവാസികളെ പരിഗണിക്കാറില്ല. അതുപണത്തിന്റെ കൊഴുപ്പുനിറഞ്ഞ ബ്രോയിലർ ചിക്കൻ മാതിരിയാണ്. കഴുത്തുവെട്ടുമ്പോഴും അതിനു പിടിക്കാനല്ലാതെ അരുതേ എന്നു പറയാനറിയി

ല്ല. അങ്ങനെയൊരു പ്രതിരോധം ഉയർത്തിയിരുന്നെങ്കിൽ ഞങ്ങളൊന്നു ഞെട്ടിയേനെ. കാര്യമൊക്കെ ശരി, നിങ്ങൾ വിയർത്തു നേടിയ കാശുകൊണ്ട് രക്തസാക്ഷിമണ്ഡപം ഉയർത്തിയാണ് ഞങ്ങളിവിടെ ഭരിക്കുന്നത്. അത് കമ്യൂണിസ്റ്റ് ലെനിനിസത്തിന്റെ ആശയവാദമാണ്. എല്ലാ കോഴികളായ സഖാക്കളും അത് അനുസരിക്കാൻ ബാധ്യസ്ഥരുമാണ്. അമൂല്യമായതെന്തോമാതിരി അതു നിങ്ങൾ ചോദിക്കുന്നതും ഞങ്ങൾ വാങ്ങിത്തരുന്നതും.

നാണപ്പൻ തന്റെ കോഴിസിദ്ധാന്തത്തിന്റെ വേലിക്കെട്ടഴിച്ചു.

എനിക്കു രസം കയറി.

അങ്ങനെ നാണപ്പനുമൊന്നിച്ച് ഞങ്ങൾ യഥാർത്ഥ ലക്ഷണമുള്ള ഒരു കോഴിയെ തിരക്കിയിറങ്ങി.

കവലയിലെ കോഴിക്കടയുടെ കാലു കൂട്ടിപ്പിടിപ്പിച്ച ബെഞ്ചിൽ ഞാനിരുന്നു. നാണപ്പൻ ഇടയ്ക്ക് ബീഡി വലിച്ചു. ഞാൻ നീട്ടിയ റോത്ത്മാൻസ് സിഗരറ്റ് അയാൾ പുച്ഛത്തോടെ നിരസിച്ചു. പിന്നെ ചോദിച്ചു വാങ്ങി. കോഴിവെട്ടുകാരൻ അന്ത്രപ്പന് സമ്മാനിച്ചു. അയാൾ അത് രണ്ട് പുകയെടുത്തശേഷം കോഴിച്ചോരയിൽ മുക്കി കെടുത്തി പുറത്തേക്കെറിയുന്നതു കണ്ടു. വിമാനത്താവളത്തിനുള്ളിലെ ഡ്യൂട്ടി പെയ്ഡ് ഷോപ്പിൽനിന്നു അറിഞ്ഞു വാങ്ങിയ സിഗരറ്റാണിത്. കൊള്ളാം, ജനങ്ങൾ മാറിയിരിക്കുന്നു.

അത് കാലഘട്ടത്തിന്റെ പ്രശ്നമാണെന്നും, കമ്യൂണിസ്റ്റുകൾ അതിൽ മാപ്പുസാക്ഷിയാണെന്നും നാണപ്പൻ പറയവേ, കാലുകൂട്ടിക്കെട്ടിയ നാടൻ കോഴികളെയും തൂക്കിപ്പിടിച്ച് ഒരു വിദ്വാൻ കയറി വന്നു. എന്റെ പ്രിയപ്പെട്ട ലക്ഷണങ്ങളൊത്ത പൂവൻകോഴി. അവൻ അങ്ങനെ കിരീടം വച്ച് ഗമയിൽ എന്നെ നോക്കി പുഞ്ചിരിക്കുന്നു. ഞാനും കണ്ണിമയ്ക്കാതെ നോക്കിയിരുന്നു. നൊടിയിടകൊണ്ട് ഞങ്ങൾ വല്ലാതങ്ങ് അടുത്തു.

നാണപ്പന്റെ കമ്യൂണിസ്റ്റ് തിയറി ഓഫ് ചിക്കൻ പ്രയോഗം പ്രാക്ടിക്കലായി ശരിയാണെന്ന് എനിക്കു തോന്നി. പോളണ്ടിലും റഷ്യയിലുമൊക്കെ ഇങ്ങനെയായിരുന്നുവോ കോഴിയെ പിടിച്ചിരുന്നതെന്നു എനിക്കു സംശയമാക്കൂ. അപ്പോൾ നാണപ്പൻ പറഞ്ഞു.

കോഴികൾക്ക് വിവരമില്ലെന്ന് ആരാണ് പറഞ്ഞത്?

അത് എല്ലായ്പ്പോഴും ചിനയ്ക്കുന്നത് സിന്ദാബാദ് വിളികളാണ്.

ഒരു യഥാർത്ഥ കമ്യൂണിസ്റ്റ്കാരനും അങ്ങനെ തന്നെ.

വ്യക്തികളല്ല, പ്രസ്താനമാണ് വലുതെന്നു പറയുമ്പോഴും പാർട്ടി ഗ്രാമങ്ങളിൽ സിന്താബാദ് വിളിക്കാനാണ്, ആ വിളി കേൾക്കാനാണ് ഞങ്ങൾക്കിഷ്ടം. ഞങ്ങളോടു ചേർന്നു നിൽക്കുന്ന കോഴികൾക്കു മാറാനൊക്കുമോ. കാരണമത് നാടൻ കോഴിയാണ്. എല്ലാ പ്രാപ്പിടിയന്മാരോടും പോരാടി നേടിയ ജന്മമാണ് അതിന്റേത്. അല്ലാതെ ഫാമിനുള്ളിലെ ലൈറ്റ് വെട്ടത്തിൽ സേഫും സെക്യൂരിറ്റിയുമായി വിരിഞ്ഞിറിങ്ങി എണ്ണം തികച്ചതല്ല. ഒരു യഥാർത്ഥ കമ്യൂണിസ്റ്റുകാരനും കോഴിയും തമ്മിൽ എന്താണ് വ്യത്യാസം.

ശരിയാണ്, എന്താണ് വ്യത്യാസം - നാണപ്പൻ പറയുന്നത് എത്ര കറക്ട്.

ഞാൻ കമ്യൂണിസ്റ്റ് പൂവനെ സൂക്ഷിച്ചു നോക്കി.

എന്നെ നിന്റെ സ്വന്തമാക്കൂ എന്നു പറയുന്നതുപോലെ തോന്നി, അല്ല തോന്നിയതല്ല, ഞാനതു കേട്ടു. കോഴിപ്പൂവനെ ഞാൻ സ്വന്തമാക്കി. ഇരട്ടി വില കൊടുക്കേണ്ടി വന്നു. നഷ്ടമില്ലെന്നു നാണപ്പൻ.

കാശ് ഇത്തിരി കൊടുത്താലെന്താ, ഒരു കമ്യൂണിസ്റ്റ് കോഴിയെ തന്നെ കിട്ടിയില്ലേ......അത് സ്വന്തമായിക്കഴിഞ്ഞാൽ വെട്ടിവീഴ്ത്തിക്കോണം. അവന് മറിച്ചു ചിന്തിക്കാൻ ചാൻസ് കൊടുക്കരുത്.

നാണപ്പന്റെ വക ആശംസാ പ്രസംഗം

ഓ, ഇതു സാധാരണ കോഴിയല്ല, കമ്യൂണിസ്റ്റ് കോഴിയാണ്.

എന്റെ വയറ്റിൽകിടന്നു പുളയാൻ കമ്യൂണിസ്റ്റ് ചിക്കൻ വെമ്പൽ കൊണ്ടു.

ഭാര്യയ്ക്കാണെങ്കിൽ കോഴിപ്പൂടയൊന്നും പറിക്കാൻ മെനക്കെടാൻ കഴിയില്ല. ശീലവുമില്. കടയിൽപോയി ഡ്രസ് ചെയ്യുന്നു എന്ന പേരിൽ കോഴിയുടെ ഡ്രസ് അഴിച്ചു വാങ്ങുകയാണല്ലോ പതിവ്. കോഴിക്കടയുടെ മുന്നിൽ ക്യൂ രൂപം കൊള്ളുന്നു. കൊല്ലാൻ രണ്ടാമതൊരാളെ ഏല്പിക്കുന്നതാണ് ബുദ്ധി. പാപമെടുത്തു തലയിൽ വെയ്ക്കണ്ടല്ലോ........

ക്യൂ മുന്നേറവേ....എല്ലാവരും എന്നേയും കൈയിലുള്ള കോഴിയേയും മാറിമാറി നോക്കുന്നു. കോഴിക്കടയിൽ കോഴിയുമായി വന്നതെന്തിനെന്ന ചോദ്യം എല്ലാ കണ്ണുകളിലും. കമ്യൂണിസ്റ്റു കോഴിയെ വിൽക്കാൻ വന്നതായിരിക്കുമെന്ന് പലരും കരുതിക്കാണും. എന്റെ മുന്നിലുള്ള ക്യൂ ചെറുതായി വന്നു. ഒടുവിൽ എന്റെ ഊഴമെത്തി.

ഈ കോഴിയെകൊന്ന് നാടൻ രീതിയിൽ പൂട പറിക്കണം.

ഞാൻ ഒട്ടൊരു ഭവ്യതയോടെ ആവശ്യം അറിയിച്ചു.

കൂടെ കടക്കാരനും കോഴിയെ വാങ്ങാൻ വന്നവർക്കുമായി ചെറിയൊരു വിശദീകരണവും നല്കി.

പൂടി പറിച്ചെടുക്കുന്ന കോഴിയുടെ ഇറച്ചിയും കടയിൽ തൊലിയുരിച്ചെറിയുന്ന കോഴിയുടെ ഇറച്ചിയും തമ്മിൽ വലിയ രുചിവ്യത്യാസമുണ്ട്. ഈ നാടൻ രീതികൾ മറക്കാതിരിക്കാനാണ് ഞാൻ ഇടയ്ക്കിടെ അമേരിക്കയിൽനിന്ന് ഇങ്ങോട്ടു വരുന്നതു തന്നെ.

അധികം വിശദീകരണം വേണ്ടെന്ന് നാണപ്പൻ എന്നെ നോക്കി കണ്ണിറുക്കി. അവരുടെ കണ്ണിൽ സാമ്രാജ്യവിരുദ്ധവികാരം അലയടിക്കുന്നുണ്ടോ. അമേരിക്ക എന്നു കേട്ടപ്പോൾ ഒരു തരിപ്പ്. കണ്ണുകളിൽ ചുവപ്പു പടരുന്നത്, അയാളുടെ കൈയിലിരിക്കുന്ന കൊലക്കത്തി എന്റെ നേരെ ഉയർന്നു താഴുന്നത് ഒക്കെ ഞാൻ ഒരു നിമിഷം മുന്നിലൂടെ കണ്ടു.

ഞാൻ പോക്കറ്റിൽ കൈയിട്ടു. പള പള മിന്നുന്ന നൂറിന്റെ നോട്ട് അയാൾക്കായി  ഞാൻ പ്രദർശിപ്പിച്ചു കൊലച്ചിരിയിൽ വസന്തം വിരിയുന്ന മാജിക് ഞാൻ കണ്ടു.

കടക്കാരൻ കമ്യൂണിസ്റ്റ് കോഴിയെ വാങ്ങി.

കൊല്ലുന്നതിനുമുമ്പ് ചില ആചാരാനുഷ്ഠാനങ്ങൾ ഉണ്ട്.

അക്കാര്യത്തിൽ ബ്രോയിലറിനും കമ്യൂണിസ്റ്റ് നാടൻ കോഴിക്കുമൊക്കെ തുല്യമായ ആചാരങ്ങൾ. സ്വാഭാവിക ചാകലാണെങ്കിൽ  ബ്രോയിലറെ തൂക്കിയെടുത്തു കോർപ്പറേഷന്റെ കൊട്ടയിലെറിയും.  നാടനെ കുഴിച്ചിടും. ഇവിടെ അതല്ലല്ലോ കാര്യം.

കാശു കൊടുത്തു കൊല്ലിക്കയാണ്. അതായത് കരുതിക്കൂട്ടിയുള്ള  കൊലപാതകം. അതും നല്ല സിദ്ധാന്തവും ആശയങ്ങളുമൊക്കെയുള്ള ചുവന്ന കമ്യൂണിസ്റ്റു കോഴിയെ. അപ്പോൾ രസം കൂടും. കാശു കൊടുക്കുമ്പോൾ രുചി കുറച്ചു മണിക്കൂറെങ്കിലും  നാവിൽ നിൽക്കും. അതാണ് നാടന്റെ ടേസ്റ്റ്.

കൊല്ലും മുമ്പ് അന്ത്യാഭിലാഷം നിറവേറ്റുന്നതുപോലെ വെള്ളം കൊടുക്കുന്ന പതിവുണ്ടത്രേ. കാലിലെ കെട്ടഴിച്ച്, വെള്ളം നിറച്ച ചെറിയ പാത്രത്തിനു മുന്നിൽ കോഴിയെ പിടിച്ചു വയ്ക്കുകയും അവൻ സർവശ ഖ്തിയുംസംഭരിച്ച്  ഒറ്റയോട്ടം. പിത്തം പിടിച്ചു ചീർത്ത വൈറ്റ് ലഗൂണുകളെ മാത്രം  കണ്ടു പരിചരിച്ച  കടക്കാരൻ അങ്ങനെയൊരു കമ്യൂണിസ്റ്റു കുതറിയോടൽ തീരെ പ്രതീക്ഷിച്ചില്ല. കടയുടെ പിന്നിലൂടെ ഇറങ്ങിയോടിയ  കമ്യൂണിസ്റ്റു കോഴിക്കു പിന്നാലെ അവനും അവന്റെ പിന്നാലെ  ഞാനും എന്റെ പിന്നാലെ ആശയസംഘട്ടനങ്ങളുടെ നടുവേദനയുമായി നാണപ്പനും ഓടി.

കോഴിയെ വാങ്ങാൻ വന്നവർക്കു സമയം പോകുന്നതിന്റെ അരിശം. ഒപ്പം കോഴി ഞങ്ങൾ മൂന്നു വർഗവഞ്ചകരെ വെട്ടിച്ചോടുന്നതു കാണാനുള്ള രസവും. വഴിപോക്കരും കാഴ്ചകണ്ടു നിന്നു.

ബഹുരാഷ്ട്ര കുത്തകയോടുള്ള ഒരു ജീവൻമരണ പോരാട്ടത്തിന്റെ കാതൽ എന്തു തന്നെയായാലും കാഴ്ചക്കാരേറി. പോരിനു മൂർച്ച കൂടി.

പാഞ്ഞു വന്ന് ബ്രേക്കിട്ടത് പാണ്ടിലോറി. നടുറോഡിൽ കിടന്നാണല്ലോ അഭ്യാസം. ഡ്രൈവറുടെ വക ആശയസമര സിദ്ധാന്തത്തിന്റെ പുതിയ വാക്ധോരണികൾ. ഞങ്ങളുടെ ശ്രദ്ധ ഡ്രൈവറുടെ നേരെ  തിരിഞ്ഞതും കമ്യൂണിസ്റ്റ് കോഴി സിനിമാ സ്റ്റൈലിൽ  ലോറിയുടെ പിന്നിലേക്കു ചാടിക്കയറിയതും  ഒരുമിച്ച്.

അറിഞ്ഞോ അറിയാതെയോ കമ്യൂണിസ്റ്റ് കോഴിയെയും കൊണ്ട് ലോറി ദൂരേയ്ക്കു മറയുന്നതാണ് പിന്നെ കണ്ടത്.

ഞാനും കടക്കാരനും മുഖത്തോടു മുഖം നോക്കി.

നാണപ്പൻ പറഞ്ഞു.

അത് മാവോയിസ്റ്റുകളുടെ കരുതിക്കൂട്ടിയുള്ള ആക്രമണമാണ്.

ആ സഖാവിനെ അവർക്ക് വേണം.

Email : karoorsoman@yahoo.com, www.karoorsoman.com